ലോക കേരള സഭ

കേരള സർക്കാർ

# ലോക കേരള സഭ 2024

## നാലാം സമ്മേളനം

2024 ജൂൺ 14, 15

നിയമസഭാ മന്ദിരം, തിരുവനന്തപുരം

# Concept Note

## നവതൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും: പ്രവാസത്തിൻറെ പശ്ചാത്തലത്തിൽ

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലാണ് നമ്മൾ ജീവിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ കടന്നുവരവ്, വിശേഷിച്ച് നിർമ്മിത ബുദ്ധി, മെഷീൻ ലേർണിംഗ് തുടങ്ങിയവ പരമ്പരാഗത തൊഴിലാളികളെയും തൊഴിൽ നൈപുണ്യവും വൈദഗ്ധ്യവും ഇല്ലാത്തവരെയും തൊഴിൽ വിപണിയിൽ നിന്നും പുറംതള്ളിയേക്കാവുന്ന ഒരു ഭീഷണി നിലവിലുണ്ട്. ഇതിനെ ഫലപ്രദമായി അഭിമുഖീകരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ യുവാക്കളെയും തൊഴിലന്വേഷകരെയും ആധുനിക സാങ്കേതിക മേഖലകളിലും പുത്തൻ സമ്പദ് വ്യവസ്ഥ ആവശ്യപ്പെടുന്ന മേഖലകളിലും നിപുണരാക്കുകയും അത് വഴി നമ്മുടെ സമ്പദ്‌വ്യവസ്ഥയെ തന്നെ ആഗോള സമ്പദ്‌വ്യവസ്ഥയുമായി ചേർത്തുകൊണ്ട് പോകുകയും ചെയ്യേണ്ടതുണ്ട്. ആഗോള സമ്പദ്‌വ്യവസ്ഥയുമായി ഏറ്റവും ചേർന്ന് നിൽക്കുന്നവർ എന്ന നിലക്ക് ആഗോള തൊഴിൽ മേഖലയിൽ ഉണ്ടാവുന്ന മാറ്റങ്ങളെ ആദ്യം മനസ്സിലാക്കുന്നവർ നമ്മുടെ പ്രവാസികളാണ്. അത് കൊണ്ട് തന്നെ സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ സമൂലമായ മാറ്റം കൊണ്ട് വരുന്നതിൽ പ്രവാസികളുടെ പങ്ക് നിസ്തുലമാണ്.

ആഗോള തലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്നതും വളർച്ചാസാധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി അത്തരം മേഖലയ്ക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം നമ്മുടെ യുവാക്കൾക്ക് പകർന്ന് കൊടുക്കാൻ പ്രവാസികൾക്കാകും. ഒറ്റക്കോ അല്ലെങ്കിൽ പ്രവാസികളുടെ സഹകരണ സംഘടനകൾ വഴിയോ ഇത്തരത്തിൽ തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

കേരളീയർക്ക് സ്വാഭാവികമായുള്ള കുടിയേറ്റ മനോഭാവം കൃത്യമായി വിനിയോഗിക്കാൻ നമുക്ക് കഴിയണം. വിദേശ രാജ്യങ്ങളിൽ നിലവിലുള്ള തൊഴിൽ ആവശ്യകത എന്താണെന്ന് മനസ്സിലാക്കാനും അതിന് അനുസരിച്ച് നമ്മുടെ തൊഴിൽ-സാങ്കേതിക മേഖലകളെ നവീകരിക്കാനും പ്രവാസികളുടെ സഹായം തേടാവുന്നതാണ്. പ്രവാസി സമൂഹത്തിലെ വലിയ പങ്കും അവരവരുടെ മേഖലകളിൽ പ്രത്യേക വൈദഗ്ധ്യം നേടിയവരാണ്. അത്തരം വൈദഗ്ധ്യമുള്ള പ്രവാസികളെ കണ്ടെത്തി അവരുടെ സേവനം പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. അതേ സമയം തന്നെ വിദേശത്ത് അത്തരം മേഖലകളിൽ വരുന്ന മാറ്റം മനസ്സിലാക്കി സ്വകാര്യ സ്ഥാപനങ്ങൾ വഴിയോ സർക്കാർ മുഖേനയോ പ്രവാസികളുടെ സേവനം പ്രയോജനപ്പെടുത്തി ഉദ്യോഗാർത്ഥികളുടെ തൊഴിൽ പരിജ്ഞാനം വർധിപ്പിക്കാൻ കഴിയണം.

സംസ്ഥാനം വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലോട്ടുള്ള മാറ്റത്തിന്റെ പാതയിലാണ്. വിദേശത്ത് നിന്ന് പ്രവാസികൾ കൊണ്ട് വരുന്ന സമ്പാദ്യം അതിനാൽ തന്നെ ഈ മേഖലകളിൽ നിക്ഷേപിക്കാൻ സഹായിക്കുന്ന തരത്തിൽ നയങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ അത്തരം സംരംഭങ്ങളിൽ പ്രസ്തുത മേഖലയിൽ വൈദഗ്ധ്യമുള്ള പ്രവാസികളുടെ സേവനം ലഭ്യമാക്കാനും നമുക്ക് കഴിയണം. ഒരേ സമയം സമ്പത്ത് ഉല്പാദിപ്പിക്കുന്നവരും അറിവ് കൈമാറ്റം ചെയ്യുന്നവരുമായി മാറാൻ നമ്മുടെ പ്രവാസികൾക്ക് കഴിയും.

ആധുനിക സമ്പദ് വ്യവസ്ഥിയിലോട്ട് ചുവട് മാറ്റുന്നതിലൂടെ ഉണ്ടാവുന്ന പുതിയ സാമ്പത്തിക മേഖലകളുടെ ഭാഗമായി സംസ്ഥാനത്ത് ഉണ്ടായേക്കാവുന്ന പ്രതിസന്ധികളെയും സാധ്യതകളെയും കൃത്യമായി മനസ്സിലാക്കാൻ പ്രവാസികൾക്ക് കഴിയും. പ്രവാസികളുടെ കൂടി സഹായത്തോട് കൂടി അത്തരം പുതിയ മേഖലകൾ കണ്ടെത്താനും നിലവിലുള്ളവയെ നവീകരിക്കാനും കഴിയും. അതിനോടൊപ്പം തന്നെ അത്തരം മേഖലകളുടെ നയരൂപീകരണത്തിൽ സർക്കാരിനും മേഖലയിലെ വിദഗ്ധർക്കും ഒപ്പം ഗുണപരമായി ഇടപെടാൻ പ്രവാസികൾക്ക് കഴിയും. അതിന് അനുയോജ്യമായ സാഹചര്യം സർക്കാർ ഒരുക്കുകയും അവരുടെ സേവനം വിനിയോഗിക്കുകയും വേണം.

കേരളവും ലോകവുമായുള്ള വിനിമയത്തിന്റെ കാതലായി പ്രവർത്തിക്കേണ്ടവരാണ് നമ്മുടെ പ്രവാസികൾ. ആഗോള സമ്പദ് വ്യവസ്ഥയും സംസ്ഥാനവും വലിയ മാറ്റങ്ങളിലൂടെ കടന്ന് പോകുന്ന ഈ കാലത്ത് പ്രവാസി സമൂഹത്തിന്റെ അറിവും അനുഭവ പരിജ്ഞാനവും സംസ്ഥാനത്തിന്റെയും മുഴുവൻ ജനങ്ങളുടെയും വളർച്ചക്ക് വിനിയോഗിക്കാൻ നമുക്ക് കഴിയണം. ലോകകേരള സഭ പോലുള്ള വേദികൾ അതിനൊരു ചാലകമായി പ്രവർത്തിക്കേണ്ടതുണ്ട്. അനുദിനം ആഗോളമായിക്കൊണ്ടിരിക്കുന്ന കേരളീയ സമൂഹത്തിന് പ്രവാസികളെ ഒഴിവാക്കിയുള്ള ഒരു ഭാവി വിഭാവനം ചെയ്യുക അസാധ്യമാണ്.